ഖുത്ബ
18.07.08
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# യു.കെ.ജൽസ ഈ മാസം 25,26,27–ന്

ജൽസക്ക് ഒരാഴ്ച മുമ്പേ ഓതുന്ന ഖുത്ബ പൊതുവെ അതിഥികൾക്ക് ആതിഥ്യം നൽകേണ്ടതിനെ സംബന്ധിച്ച് ആതിഥേയർക്ക് നല്കുന്ന ഉപദേശനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതാണ്. ജമാഅത്തുപരമായ നിലയിലും ഈ ആതിഥ്യം നല്കിവരുന്നു. വ്യക്തിപരമായ നിലയിലും അഹ്മദി തങ്ങളുടെ സഹോദരന്മാർക്കും ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും ആതിഥ്യം നല്കിവരുന്നു. വിശുദ്ധഖുർആനിൽ പറഞ്ഞിട്ടുള്ളതും, നബിമാരുടെയും അവരെ വിശ്വസിക്കുന്നവരുടെയും പ്രത്യേകമായ ഗുണവും ഉൽക്കൃഷ്ടമായ സ്വഭാവവുമാണ് ആതിഥ്യം. ആതിഥ്യം പരസ്പരം സ്നേഹവും സന്തോഷവും വളർത്താനുള്ള ഒരു മാർഗ്ഗവുമാണ്. അത് അന്യരെ തന്നിലേക്ക് ആകർഷിച്ച് അടുത്തുകൊണ്ടു വരുന്നു. ഇതുമുഖേന പ്രബോധനത്തിനുള്ള കൂടുതൽ വഴികൾ തുറക്കുന്നു. നബി(സ) തിരുമേനിയുടെ നടപടിക്രമത്തിലും അതിഥികളെആദരിക്കുന്ന ദൃശ്യം നമുക്ക് കാണാൻ കഴിയും. ആ മഹാത്മാവിന്റെ സത്യസന്ധനായ ദാസന്റെ ജീവിതത്തിലും ഈ ഭാഗത്തേക്ക് ഒരു പ്രത്യേക ശ്രദ്ധയുണ്ടായിരുന്നതായി നമുക്ക് കാണാം. ജനങ്ങൾ അധികമായി വരുമെന്ന് അല്ലാഹുതആല ഹദ്റത്ത് മസീഹ് മൗഊദ്(അ) നോട് പറയുകയും ചെയ്തിരുന്നു. അപരിചിതമായൊരു സ്ഥലത്ത് ജനങ്ങൾ വരുമ്പോൾ അവർ അതിഥികളായിട്ടാണ് വരുന്നതെന്നത് വ്യക്തമാണ്. അതുകൊണ്ട്

وَلَا تُصَعِّرْ لِخَلْقِ اللّٰهِ وَلَا تَسْئَمْ مِّنَ النَّاسِ

എന്നും ഇൽഹാമുണ്ടായി. നിന്റെ അടുത്തുവരുന്നവരോട് നീ അപമര്യാദയോടുകൂടി പെരുമാററുത്. അവരുടെ പെരുപ്പം കണ്ടുകൊണ്ട് ക്ഷീണിക്കുകയുമരുത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെയ്യേണ്ടിയിരുന്ന ആതിഥ്യമായിരുന്നു ഇത്. ഇത് നബിമാരുടെ സവിശേഷതയാണ്. പക്ഷേ, യഥാർത്ഥത്തിൽ നമുക്കാണ് ഇതിൽ ഉപദേശമുള്ളത്. അതായത്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 'ലങ്കർ' എന്തായാലും എല്ലായിടത്തും വ്യാപിക്കേണ്ടതാണ്. അതുകൊണ്ട് കേന്ദ്രത്തിലും അതിനുപുറമേ മസീഹ് മൗഊദിന്റെ പേരിൽ ജനങ്ങൾ സംഘടിക്കുന്ന സ്ഥലങ്ങളിലും ഈ ആതിഥ്യം ചെയ്യേണ്ടതായി വരും. അവിടങ്ങളിൽ ആതിഥ്യത്തിന്റെ ഈ ഉന്നതമായ സ്വഭാവം നടപ്പിൽ വരുത്താൻ നിയോഗിക്കപ്പെട്ടിരിക്കുന്നവർ അതിൽനിന്ന് പിന്നിലേക്ക് മാറിക്കളയാൻ പാടില്ല. ഈ പ്രവചനം ജമാഅത്തിന്റെ അംഗസംഖ്യ വളരെയധികം വർദ്ധിക്കുമെന്നതിനെക്കുറിച്ചുമാണ്. അംഗസംഖ്യ വർദ്ധിക്കുമെന്നു മാത്രമല്ല, മറിച്ച് ജമാഅത്തിലെ അംഗങ്ങൾ ആത്മാർത്ഥതയിലും കൂറിലും അഭിവൃദ്ധിപ്പെടുമെന്നതിനെക്കുറിച്ചുമാണ്. അതായത്, ആത്മാർത്ഥരായവർ കേന്ദ്രവുമായി ബന്ധപ്പെട്ടിരിക്കും. വരുന്നവർ വന്നുകൊണ്ടിരിക്കും. വിശ്വാസികളുടെ എണ്ണം മാത്രമല്ല മറിച്ച്, സത്യാന്വേഷകരായവരും ധാരാളമായി വന്നുകൊണ്ടിരിക്കും. അവർക്കും ആതിഥ്യം നല്കിക്കൊണ്ടിരിക്കണം. അതുകൊണ്ടാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) 'ലങ്കർഖാന'യും ആരംഭിച്ചത്. ഇതും പ്രവൃത്തികളിൽ ഒരു പ്രധാന പ്രവൃത്തിയായി ആ മഹാത്മാവ് നിശ്ചയിച്ചു. ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ലങ്കർ (ഭക്ഷണശാല) ലോകത്തിന്റെ മുക്കിലും മൂലയിലും പ്രവർത്തിച്ചുവരുന്നു. ജമാഅത്തിന് എവിടെയൊക്കെ കേന്ദ്രങ്ങളുണ്ടോ അവിടെയൊക്കെ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം കേൾക്കുന്നതിനായി ജനങ്ങളുടെ ശ്രദ്ധ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ജൽസ സാലാനയുടെ അവസരത്തിൽ അതിന്റെ മറ്റൊരു ദൃശ്യം നമുക്ക് കാണാൻ കഴിയുന്നു. അതിനാൽ ഈ ആതിഥ്യം നല്കുക എന്നത് പൊതുവെ ഓരോ അഹ്മദിക്കും ഖലീഫക്കും സംഘാടകർക്കും പ്രത്യേകമായും നിർബന്ധമായിക്കഴിഞ്ഞിരിക്കുന്നു. നിങ്ങൾ ഇക്കാര്യത്തിൽ ഉന്നതമായ ധാർമ്മികഗുണം കാണിച്ചില്ലെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്ന് പിന്തള്ളപ്പെടാൻ സാധ്യതയുണ്ടെന്നുള്ള മുന്നറിയിപ്പും ഇതിൽ നമുക്കുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. ഈ ധാർമ്മികഗുണം സ്വായത്തമാക്കുകയാണെങ്കിൽ ഇതുമുഖേന അല്ലാഹുവിന്റെ തൃപ്തിയും സന്തോഷവും കരസ്ഥമാക്കുന്നവരായിത്തീരുന്നതാണ്. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ സൽക്കരിക്കുന്നതിനായി തങ്ങളെ സമർപ്പിച്ചിട്ടുള്ള എല്ലാ ഉദ്യോഗസ്ഥന്മാരും വാളണ്ടിയർമാരും സംഘാടകരുമായവർ ഭാഗ്യവാന്മാരാണ്. അവർക്കിതിന് അവസരം ലഭിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പ്രായംചെന്ന പുരുഷന്മാരും സ്ത്രീകളും യുവാ

ക്കളും യുവതികളും കുട്ടികളും ജൽസ ദിനങ്ങളിൽ പ്രത്യേകമായൊരു ഉത്സാഹത്തോടുകൂടി അതിഥികളെ സേവിക്കാനും ജൽസ സാലാനയുടെ മറ്റു കാര്യങ്ങൾക്കുമായി തങ്ങളെ സമർപ്പിക്കുന്നു. ഞാൻ പല പ്രാവശ്യവും പറഞ്ഞിട്ടുള്ളതുപോലെ എല്ലാ രാജ്യങ്ങളിലും ജൽസകൾ നടന്നുവരുന്നുണ്ട്. നിരവധി ജൽസകളിൽ ഞാനും നേരിട്ട് പങ്കെടുക്കാറുണ്ട്. അവിടങ്ങളിലെല്ലാം ഏതുപ്രായത്തിൽപെട്ട അഹ്മദികളും സേവനത്തിനായി തങ്ങളെ സമർപ്പിക്കുന്നു. സന്തോഷത്തോടുകൂടിയാണ് അവർ ഇതിന് തയ്യാറാകുന്നത്. ആഫ്രിക്കയിലെ ഉദാഹരണം ഞാൻ പറഞ്ഞുകഴിഞ്ഞു; എങ്ങനെയാണ് അവർ അതീവസന്തോഷത്തോടെ ഡ്യൂട്ടികൾ നിർവ്വഹിക്കുന്നതെന്ന്. അമേരിക്കയിലും കാനഡയിലും പിന്നീട് ജൽസകൾ നടന്നു. അല്ലെങ്കിൽ ജൽസയുമായി ബന്ധപ്പെട്ട് എവിടെയൊക്കെ ഞാൻ പോയോ അവിടെയെല്ലാം ഓരോവിഭാഗത്തിൽപെട്ടയാളുകളും, ഓരോ പ്രായക്കാരും അതിഥികളെ സേവിക്കാനായി തങ്ങളെ സമർപ്പിക്കുകയാണ്. സന്തോഷത്തോടുകൂടി തങ്ങളിൽ അർപ്പിതമായ ചുമതലകൾ അവർ നിർവ്വഹിക്കുന്നു. പക്ഷേ, യു.കെയുടെ ജൽസക്ക് ഒരു പ്രാധാന്യമുണ്ടായിട്ടുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവിടെ ഖിലാഫത്ത് നിലകൊള്ളുന്നതുകൊണ്ട് മറ്റുള്ള സ്ഥലങ്ങളെ അപേക്ഷിച്ച് ഒരുക്കങ്ങൾ കൂടുതൽ നടത്തേണ്ടതായി വരുന്നുണ്ട്. ലോകരുടെ ദൃഷ്ടിയും ഈ ജൽസയിലേക്കാണ് കൂടുതൽ പതിയുന്നത്; നമ്മളുടേയും മറ്റുള്ളവരുടേയും. ഇങ്ങനെ നോക്കുമ്പോൾ ഡ്യൂട്ടി നിർവ്വഹിക്കുന്നവർക്കുള്ള ചില ചുമതലകളും വലിയ പ്രയാസമുള്ളതാണ്. ഈ ജൽസ, കേന്ദ്ര ജൽസയുടെ രൂപംപ്രാപിച്ചതുകൊണ്ട് എനിക്കതിനെക്കുറിച്ച് കൂടുതൽ വിചാരമുണ്ടാകുന്നു. മറ്റുള്ള രാജ്യങ്ങളിൽനിന്ന് അതിഥികളായി വരുന്ന ജനങ്ങളുടെ പ്രതീക്ഷകളും അധികമാണ്. അനുബന്ധമായി ഞാൻ ഇതുംകൂടി പറയട്ടെ. ഇപ്പോൾ ഖിലാഫത്തിന്റെ കേന്ദ്രം ഇവിടെയായ കാരണത്താൽ ലണ്ടനിലെ ഖുദ്ദാമും മറ്റു പ്രവർത്തകരും- കാവൽനിൽക്കുന്നവരും സ്ഥിരമായിട്ട് പ്രവർത്തിച്ചുവരുന്ന ലങ്കറിൽ ജോലി ചെയ്യുന്നവരും മറ്റു പരിപാടികളുടെ പ്രവർത്തനത്തിനായി തങ്ങളെ സമർപ്പിക്കുന്നവരും- മറ്റു രാജ്യങ്ങളിലെ അംഗങ്ങളെ അപേക്ഷിച്ച് അധികമായും നിരന്തരവും പ്രവർത്തിച്ചുവരുന്നവരാണ്. കഴിഞ്ഞ 24 വർഷമായി അങ്ങേയറ്റം നല്ലനിലയിൽ തങ്ങളുടെ ചുമതലകൾ അവർ നിർവ്വഹിച്ചുവരുന്നു. റബ്വയിലും ഖാദിയാനിലും ഈ പ്രവർത്തനത്തിനായി സ്ഥിരമായ ജോലിക്കാരുണ്ട്. പക്ഷേ, ഇവിടെ ലങ്കറിന്റെ തന്നെയും അധികപണിയും, മസ്ജിദ് ഫള്ലുമായി ബന്ധപ്പെട്ട വിവിധ ചുമതലകളും അൻസാറിലും ഖുദ്ദാമിലുംപെട്ട വളണ്ടിയർമാരാണ് ദൈവകൃപയാൽ ചെയ്തുവരുന്നത്. അല്ലാഹു ഇവർക്കെല്ലാവർക്കും സേവനത്തിനുള്ള നല്ല പ്രതിഫലം നല്കുമാറാകട്ടെ. ഈ രാജ്യത്ത്- പ്രത്യേകിച്ച് എന്തിനും വിലപിടിപ്പുള്ള ഈ പട്ടണത്തിൽ താമസിച്ചുകൊണ്ട് തങ്ങളുടെ സമയവും ധനവും അവർ ത്യാഗം ചെയ്തുകൊണ്ടിരിക്കുന്നു. ഇതെല്ലാം ജമാഅത്തിനോടും ഖിലാഫത്തിനോടുമുള്ള ഇവിടുത്തെ ഉദ്യോഗസ്ഥന്മാരുടെ ആത്മാർത്ഥതയും കൂറും നിറഞ്ഞ ബന്ധം തന്നെയാണ് വെളിവാക്കുന്നത്. ഇക്കാരണത്താലാണ് അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും. അല്ലാഹു ഭാവിയിലും ഇവർക്ക് തൗഫീഖ് നല്കിക്കൊണ്ടിരിക്കുമാറാകട്ടെ.

ജമാഅത്തിന്റെ ജൽസയും ലങ്കറിന്റെ പ്രവർത്തനവും മറ്റുള്ളവരെ ആകർഷിക്കാറുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തും ഖാദിയാനിൽ വരാറുണ്ടായിരുന്ന അനഹ്മദികൾ ലങ്കറിന്റെ വ്യവസ്ഥിതിയും ആതിഥ്യവും കണ്ട്, പ്രത്യേകിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആതിഥ്യം കണ്ട് ഒരുപാട് ആകർഷിതരായിട്ടുണ്ട്. ഇക്കാലത്തും ജൽസയുടെ അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടങ്ങിവെച്ച ലങ്കറിന്റെ പ്രവർത്തനം ജനങ്ങളെ ആകർഷിക്കുന്നു. ഞാൻ ഇപ്രാവശ്യം ആഫ്രിക്കൻ പര്യടനത്തിന് പോയപ്പോൾ ചില രാജ്യങ്ങളിൽ ഖിലാഫത്ത് ജൂബിലിയുമായി ബന്ധപ്പെട്ട് നടന്ന ജൽസയിൽ ജനങ്ങളുടെ സാന്നിധ്യവും വളരെയധികമായി കണ്ടു. അവർക്കെല്ലാം ഭക്ഷണം ലഭിക്കുന്നതുകണ്ട് അന്യർ അത്ഭുതപ്പെട്ടു. ചിലർ 'ഇക്കാര്യംതന്നെ' ഈ ജമാഅത്ത് അല്ലാഹുവിന്റെ ജമാഅത്താണെന്നതിന് തെളിവായി മനസ്സിലാക്കി. ഇത്തരം ആതിഥ്യം തങ്ങൾ എങ്ങും കണ്ടിട്ടില്ലെന്ന് അവർ പറയുകയും ചെയ്തു. ഇതെല്ലാം യഥാർത്ഥത്തിൽ നബി(സ)തിരുമേനിയുടെ സത്യസന്ധനായ ദാസന്റെ തർബിയ്യത്ത് കാരണത്താലാണ് സംഭവിച്ചത്. ആ മഹാത്മാവ് നമ്മെ നബി(സ)തിരുമേനിയുടെ മാതൃകാപരമായ ജീവിതത്തിലൂടെ നടത്തിച്ചുകൊണ്ട് ഈ വഴി നമുക്ക് കാണിച്ചുതന്നു. നബി(സ)യുടെ കാലഘട്ടത്തിൽ ആ മഹാത്മാവിന്റെ ആതിഥ്യവും ദാനശീലതയും, നിരവധി അവിശ്വാസികൾക്ക് സത്യം മനസ്സിലാക്കാനുള്ള സൗഭാഗ്യം നല്കിയിരുന്നു. ആത്മീയവും ഭൗതികവുമായ രീതിയിലും ജനങ്ങളെ അടുപ്പിച്ചുകൊണ്ടുവരുന്നതിന് കാരണമായിത്തീരുന്ന ഒരു സവിശേഷ ധാർമ്മികഗുണമാണ് ആതിഥ്യം. ഇക്കാലഘട്ടത്തിൽ ദീനിനെ ഉദ്ധരിക്കുന്നതിനും തന്നെ സൃഷ്ടിച്ചവനെ തിരിച്ചറിയുന്നതിന് മനുഷ്യനെ പ്രാപ്തനാക്കിത്തീർക്കുന്നതിനും അവനെ അല്ലാഹുവിന്റെ സമീപസ്ഥനാക്കുന്നതിനും ഉന്നതമായ ധാർമ്മികസ്വഭാവം നിലനാട്ടുന്നതിനും വേണ്ടി അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നിയോഗിച്ചു. 'ഞാൻ നിന്റെ പ്രബോധനത്തെ

ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കുമെന്നും' ആ മഹാത്മാവിനോട് അല്ലാഹു പറഞ്ഞു. അതായത്, മുഹമ്മദീ മസീഹിനെ ഏല്പിച്ച സകല ജോലിയും ബാഹ്യമായി നോക്കിയാൽ ആ മഹാത്മാവും, ആ മഹാത്മാവിനു ശേഷം ഖിലാഫത്ത് വ്യവസ്ഥിതി മുഖേനയും പൂർത്തിയാകുന്നതാണ്. പക്ഷേ, മനസ്സിനെ തിരിച്ചുവിടാനുള്ള ശക്തി അല്ലാഹുവിനല്ലാതെ മറ്റാർക്കുമില്ല. അതുകൊണ്ട് യഥാർത്ഥത്തിൽ ഈ ജോലി അല്ലാഹുതന്നെയാണ് ചെയ്യുന്നത്. അവൻ ചെയ്തുകൊണ്ടിരുന്നു; ഇപ്പോൾ ചെയ്തുകൊണ്ടുമിരിക്കുന്നു. അല്ലാഹുവിന്റെ ഈ ശക്തമായ സഹായഫലമായിട്ട് ഇങ്ങനെ സംഭവിക്കുമെന്ന് പറഞ്ഞതുപോലെതന്നെ അവൻ മനസ്സുകളെ ഈ ഭാഗത്തേക്ക് തിരിക്കുന്നതാണ്. അപ്പോഴായിരിക്കും ജനങ്ങൾ വരിക. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഇങ്ങനെ വെളിപാടുണ്ടായി. ***യഅ്തൂന മിൻകുല്ലി ഫജ്ജിൻ അമീഖ്*** ജനങ്ങൾ ദൂരദൂര സ്ഥലങ്ങളിൽനിന്ന് നിന്റെ അടുക്കൽ വരും. അതായത് അല്ലാഹുതആല ദീൻ സ്വീകരിക്കുന്നവരെയും ദീൻ പഠിക്കുന്നവരേയും ദീനിനെ കുറിച്ച് ഗവേഷണം നടത്തുന്നവരേയും അയക്കുമ്പോൾ പരിഭ്രമിക്കരുതെന്ന് അവൻ പറഞ്ഞു. എന്നല്ല ഉന്നതമായ ധാർമ്മികസ്വഭാവം കാഴ്ചവച്ചുകൊണ്ട് അവരുടെ ആതിഥ്യം നിർവ്വഹിക്കുകയും വേണം. അതിലൊരു കുറവും വരുത്താൻ പാടില്ല. ഈ പ്രാധാന്യമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുത്തുവരുന്ന അതിഥികളുടെയും ആ മഹാത്മാവിനു വേണ്ടി എത്തിച്ചേരുന്ന ആളുകളുടെയും. ഇതിനുവേണ്ടിയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസ തുടങ്ങിയത്. അതായത് ദീനിലും ആത്മീയതയിലും അഭിവൃദ്ധിയുണ്ടാക്കുക. അതിനുവേണ്ടി ജനങ്ങൾ സംഘടിക്കുക. ജൽസയ്ക്ക് വരുന്നവരും വന്നുകൊണ്ടിരിക്കുന്നവരുമായ ഈ അതിഥികളെ എല്ലാ രീതിയിലും സേവിക്കേണ്ടത് ഇതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള ഓരോ പ്രവർത്തകരുടെയും വിവിധ വകുപ്പുകളിൽ നിയമിക്കപ്പെട്ടവരുടെയും നിർബന്ധകടമയാണ്. അവർ വളരെ ശ്രദ്ധയോടെ തങ്ങളിൽ അർപ്പിതമായ ചുമതല നിർവ്വഹിക്കണം. ഈ അതിഥികൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നു വേണ്ടിയാണ് വരുന്നത്. ഞാൻ പറഞ്ഞതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന നമ്മളോടും പറയുന്നു, ഈ വരുന്നവരുടെ ആധിക്യം കണ്ട് നിങ്ങൾ പരിഭ്രമിച്ചുപോകരുത്. അപമര്യാദ കാണിക്കുകയുമരുത്. നബി(സ)യുടെ ജീവിതത്തിൽ നമുക്ക് ആതിഥ്യത്തിന്റെ അത്ഭുതകരമായ മാതൃക കാണാൻ കഴിയും. ഏതെല്ലാം രീതിയിലുള്ള മഹത്തരമായ മാതൃകകളാണ് ആ ജീവിതത്തിലുള്ളത്.

അതിഥി ബിസ്തർ മലീമസപ്പെടുത്തി കടന്നുകളയുന്നു. അപ്പോൾ സ്വന്തം കൈകൊണ്ട് നബി(സ) അത് കഴുകി വൃത്തിയാക്കുന്നു. നജ്ജാശി അയച്ച സംഘത്തെ സ്വന്തം കൈകൊണ്ട് സേവിക്കുന്നു. തങ്ങൾ അത് ചെയ്തുകൊള്ളാമെന്ന് സ്വഹാബിമാർ മുന്നോട്ടുവന്ന് പറയുന്നു. ഇവർ മുസ്‌ലിംകളെ ആദരിക്കുകയും സേവിക്കുകയും ചെയ്തതുകൊണ്ട് ഞാൻ തന്നെ അവരെ സേവിക്കേണ്ടത് എനിക്ക് നിർബ്ബന്ധമായിത്തീരുന്നുവെന്ന് അവർക്ക് ആ മഹാത്മാവ് മറുപടി കൊടുക്കുന്നു. അതിഥി വരുന്നു. ഒരാടിന്റെ പാൽ കുടിക്കുന്നു. വീണ്ടും ചോദിക്കുന്നു. ആ മഹാത്മാവ് കൊടുത്തുകൊണ്ടേയിരിക്കുന്നു. അങ്ങനെ ഏഴ് ആടുകളുടെ പാൽ അയാൾ കുടിക്കുന്നു. പക്ഷേ, 'നീ എന്താണ് ചെയ്യുന്നതെന്നോ നിന്റേത് വയറാണോ അതോ മറ്റുവല്ലതുമാണോ?' എന്നൊന്നും ആ മഹാത്മാവ് ചോദിക്കുന്നില്ല. കൊടുത്തുകൊണ്ടേ പോകുകയാണ്.

സഹാബത്തിന് എങ്ങനെയാണ് തർബിയ്യത്ത് നല്കിയത്? അതിഥിക്ക് ഭക്ഷണം കൊടുക്കുന്നതിനായി വീട്ടുകാർ സ്വന്തം മക്കളെ വിശപ്പോടുകൂടി ഉറക്കുന്നു. വിളക്കണച്ചുകൊണ്ട് അതിഥിയോടൊപ്പം ഇരുന്ന് തങ്ങളും ഭക്ഷണം കഴിക്കുന്നെന്ന് തോന്നുന്ന നിലയിൽ ശബ്ദമുണ്ടാക്കുന്നു. തന്നോടൊപ്പം വീട്ടുകാരും ഭക്ഷണം കഴിക്കുന്നുണ്ടെന്ന് കരുതി അതിഥി നല്ലവണ്ണം ഭക്ഷിക്കാൻ വേണ്ടിയായിരുന്നു ഇത്. ഈ ആതിഥ്യം അല്ലാഹുവിന് എത്രമാത്രം ഇഷ്ടപ്പെട്ടുവെന്നുവെച്ചാൽ, അരശിൽ ഇരുന്നുകൊണ്ട് അല്ലാഹുവും അതുകണ്ട് ചിരിക്കുന്നു. ഖുദ്ദാമിന്റെ ഈ പ്രവർത്തനം കണ്ട് സന്തോഷിക്കുന്നതായി അല്ലാഹു നബി(സ)യെ അറിയിക്കുകയും ചെയ്യുന്നു.

സ്വഹാബിമാരുടെ ആതിഥ്യത്തിന്റെ മാതൃകയും ചരിത്രത്തിൽ കാണാം. ഒന്നോ രണ്ടോ ദിവസത്തെ ആതിഥ്യമായിരുന്നില്ല അത്. മക്കയിൽനിന്ന് ഹിജ്റ ചെയ്ത് മദീനയിൽ വന്ന മുഹാജിറുകൾക്ക്, അൻസ്വാർ സ്വാഗതം പറഞ്ഞുകൊണ്ട് തങ്ങളുടെ പകുതി ധനം പോലും അവർക്ക് കൊടുക്കാൻ തയ്യാറായി. അല്ലാഹുതആല അത് സന്തോഷദൃഷ്ടിയോടെ കണ്ടുകൊണ്ട് പറഞ്ഞു: ***യഅ്ഥിറൂന അലാ അൻഫുസിഹിം*** തങ്ങൾക്ക് ദാരിദ്ര്യമുണ്ടെങ്കിലും അവർ തങ്ങളേക്കാൾ മറ്റുള്ളവർക്ക് മുൻഗണന നല്കുന്നു(59:10). മറ്റുള്ളവർക്കുവേണ്ടി അവർ ത്യാഗം ചെയ്തത്, അവർ നല്ല അവസ്ഥയിലായിരുന്നതു കൊണ്ടല്ല. മറിച്ച്, സ്വയം ഞെങ്ങിഞെരുങ്ങി ജീവിച്ചുകൊണ്ട് ത്യാഗവികാരത്തോടെ സേവനം ചെയ്യുകയായിരുന്നു അവർ. '***റുഹമാഉബയ്നഹും***' എന്നതിന്റെ ദൃശ്യവും എപ്പോഴും അവരിൽ കാണാൻ കഴിയുന്നു. തങ്ങളുടെ സഹോദരന്മാരെ സഹായിക്കുന്നതിൽ അവർ സന്തോഷിച്ചു.

അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ജൽസയിൽ

പങ്കെടുക്കുന്ന അതിഥികളും, പ്രത്യേകമായനിലയിൽ ഖിലാഫത്തിനോടുള്ള സ്നേഹവും ദീൻ പഠിക്കുന്ന തിനും വേണ്ടിയാണ് ഇവിടെ യുകെയിൽ വരുന്നത്. അതുകൊണ്ട് അവരെ സേവിക്കേണ്ടത് നമ്മുടെ നിർബ ന്ധകടമയാണ്. ലാളിത്യത്തോടും സ്നേഹത്തോടും കൂടി ഓരോരുത്തരോടും പെരുമാറേണ്ടത് നമ്മുടെ കട മയാണ്. ചിലർ ആദ്യമായിട്ടാണ് പാക്കിസ്ഥാനിൽ നിന്നോ ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നോ വരുന്നത്. വിവിധ ജനവിഭാഗങ്ങളിൽപെട്ടവരും വരുന്നുണ്ട്. അവ രോടെല്ലാവരോടും നല്ല സ്വഭാവത്തോടെ പെരുമാറുകയും അവരുടെ ആവശ്യങ്ങൾ കേട്ട് പരിഹരിക്കേണ്ടതും നമ്മുടെ നിർബന്ധകടമയായിത്തീരുന്നു. സമ്പന്നരാ ണെങ്കിലും ദരിദ്രരാണെങ്കിലും, ഓരോരുത്തരേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥിയായി മനസ്സിലാക്കി സേവനം ചെയ്യേണ്ടതാണ്.

ഈ വർഷം ഖിലാഫത്തിന് നൂറുവർഷം പൂർത്തി യായതുകൊണ്ട് കൂടുതൽ അതിഥികൾ പങ്കെടുക്കു മെന്നും പ്രതീക്ഷിക്കുന്നുണ്ട്. അതിനാൽ ആദ്യത്തേ ക്കാൾ കൂടുതൽ സൗകര്യങ്ങൾ സംഘാടകർ ഏർപ്പെ ടുത്തിക്കൊണ്ടിരിക്കുന്നു. ഉദ്യോഗസ്ഥന്മാരും ആദ്യ ത്തേക്കാൾ കൂടുതൽ ആ ഏർപ്പാടുകളെ വിജയിപ്പി ക്കാൻ വേണ്ടി ശ്രമിക്കേണ്ടതാണ്. അതെങ്ങനെയാണെ ങ്കിലും വേണ്ടില്ല. ഉദ്യോഗസ്ഥന്മാർ ശരിയായ രീതി യിൽ പ്രവർത്തിക്കുന്നില്ലെങ്കിൽ എല്ലാ സംവിധാന ങ്ങളും താറുമാറാകും. ഏതൊരു സന്തോഷത്തോടും വികാരത്തോടുംകൂടിയാണോ അതിഥികൾ വരുന്നത് അതുപോലെതന്നെ ഉദ്യോഗസ്ഥന്മാരായ സ്ത്രീകളും പുരുഷന്മാരും അവരെ സ്വാഗതം ചെയ്യുകയും വേണ്ട താണ്. അവരെ സേവിക്കാൻ സദാ സന്നദ്ധരായിരി ക്കണം. മുഹമ്മദീ മസീഹിന്റെ ഖിലാഫത്തിന് നൂറു വർഷം തികഞ്ഞ ഈ അവസരത്തിൽ ഉദ്യോഗസ്ഥ ന്മാർ മുമ്പത്തേക്കാളുപരി സേവനം ചെയ്യാൻ തങ്ങ ളിൽ ഒരാവേശവും ദൃഢനിശ്ചയവും ഉണ്ടാക്കണം. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ അതിഥികളോട് കാണിച്ച മാതൃക നിങ്ങളും കാണിക്കുക. ആ മഹാ ത്മാവ് നമുക്കുവേണ്ടിയാണ് ആ മാതൃക സ്ഥാപിച്ചിട്ടു ള്ളത്. ഇതും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവി തത്തിലെ മനോഹരമായ താളുകളായിരുന്നു. ഇതുസം ബന്ധമായി ചില സംഭവങ്ങളും ഞാനിന്ന് പറയാനാ ഗ്രഹിക്കുന്നു.

അതിഥികളെ സൽക്കരിക്കുന്നതിനെ സംബ ന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "ഓരോ രുത്തരുടേയും ആവശ്യങ്ങൾ മുന്നിൽ കാണാൻ ലങ്കർഖാനയിലെ മുഹ്തമിംനോട് ശക്തമായി പറയു ക. അദ്ദേഹം തനിച്ചാണുള്ളത്. ജോലി വളരെ അധി കമാണ്. ശ്രദ്ധ വിട്ടുപോകാൻ സാധ്യതയുണ്ട്. അതു കൊണ്ട് മറ്റുള്ള ആരെങ്കിലും അദ്ദേഹത്തെ ഓർമ്മിപ്പി ച്ചുകൊണ്ടിരിക്കുക." (ഇപ്പോൾ അല്ലാഹിവിന്റെ അനു ഗ്രഹത്താൽ വിശാലമായ ഏർപ്പാടുകളുണ്ട്. സ്ഥിരവും താൽക്കാലികവുമായുമുള്ള ഉദ്യോഗസ്ഥന്മാരുമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു കുറവും ഉണ്ടാകാൻ പാടില്ല). ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടർന്ന് പറ യുന്നു: "അഴുക്കുപുരണ്ട വസ്ത്രവും മറ്റും കണ്ടിട്ട് ആതിഥേയത്വത്തിൽനിന്ന് മുഖംതിരിച്ചുകളയരുത്. എന്തുകൊണ്ടെന്നാൽ അതിഥികളെല്ലാം ഒരുപോലെ യാണ്. പുതിയതായി പരിചയപ്പെടുന്ന ആളുകളുടെ ആവശ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് പ്രവർത്തിക്കേ ണ്ടത് നമ്മുടെ കടമയാണ്. ചിലർക്ക് ശൗച്യാലയം എവിടെയാണെന്ന് അറിവുണ്ടാവുകയില്ല. അപ്പോൾ അയാൾക്ക് വല്ലാത്ത ബുദ്ധിമുട്ടുണ്ടാകുന്നു. അതു കൊണ്ട് അതിഥികളുടെ ആവശ്യങ്ങൾ ശരിയാംവണ്ണം ശ്രദ്ധിക്കേണ്ടത് നിർബന്ധമാണ്. ഞാൻ അധികവും രോഗസ്ഥിതിയിലാണുള്ളത്. (അവസാനകാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) നല്കിയ ഉപദേശമാ ണിത്). അതുകൊണ്ട് അശക്തനാണ്. ഒരുതരത്തി ലുള്ള പരാതിയും ഉണ്ടാകാത്തവിധം പ്രവർത്തിക്കേ ണ്ടത് ബന്ധപ്പെട്ടവരുടെ കടമയാണ്. ആയിരക്കണ ക്കിന് മൈലുകൾ താണ്ടി സത്യഹൃദയത്തോടും ആത്മാർത്ഥതയോടുംകൂടി സത്യാന്വേഷണത്തിനായി ട്ടാണ് അവർ വരുന്നത്. അവർക്ക് ഇവിടെ വിഷമങ്ങൾ നേരിട്ടാൽ മടുപ്പ് അനുഭവപ്പെടും. അതവർക്ക് ഒരു പരീ ക്ഷണമായിരിക്കും. അതിന്റെ പാപം ആതിഥേയനാ യിരിക്കും."

ഞാൻ പറഞ്ഞതുപോലെ ഇപ്രാവശ്യവും വിവിധ ജനവിഭാഗങ്ങളിൽനിന്ന് ആളുകൾ ഇവിടെ വരാൻ പോവുകയാണ്. അവരുടെ സംഖ്യയും അധികമായിരി ക്കും. അവരിൽ ആദ്യമായിട്ട് ഇവിടെ വരുന്ന ഒരുപാ ടാളുകളുണ്ട്. ആഫ്രിക്കയിൽനിന്നും മറ്റു രാജ്യങ്ങളിൽ നിന്നും അനഹ്മദികളായ അതിഥികളും എത്തുന്നു ണ്ട്. അവരെയെല്ലാം സൽക്കരിക്കേണ്ടതും അവരുടെ വികാരങ്ങൾ മാനിക്കേണ്ടതും ഓരോ ഉദ്യോഗസ്ഥ ന്റേയും ചുമതലയാണ്. അല്ലാഹുവിന്റെ അനുഗ്രഹ ത്താൽ കഴിഞ്ഞ വർഷങ്ങളിലെ ഇവിടുത്തെ നമ്മുടെ ഏർപ്പാടുകളെല്ലാം മറ്റുള്ളവരെ ആകർഷിച്ചിട്ടുണ്ട്. അന്യർ ഇവിടെ വന്നപ്പോഴെല്ലാം ആകർഷിതരായി ട്ടാണ് അവർ തിരിച്ചുപോയിട്ടുള്ളത്. ജൽസയിൽ പങ്കെ ടുക്കുന്നവർ ഇപ്രാവശ്യം അധികമായിരിക്കും എന്നതു കൊണ്ടാണ് ചിന്ത കൂടിയിട്ടുള്ളത്. പക്ഷേ ഈ വർദ്ധ നവ് കൊണ്ട് നമ്മുടെ ഏർപ്പാടുകളിലൊന്നും വ്യത്യാ സമുണ്ടാകാൻ പാടില്ല. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്നിധിയിൽ അതിഥികൾക്കു വേണ്ടുന്ന ഒരുക്കങ്ങളെക്കുറിച്ചും സൽക്കാരത്തെക്കു

റിച്ചും പറഞ്ഞപ്പോൾ ആ മഹാത്മാവ് പറഞ്ഞു: "അതിഥിക്ക് ബുദ്ധിമുട്ടുകളുണ്ടാകാതിരിക്കാൻ ഞാൻ എപ്പോഴും ശ്രദ്ധിക്കാറുണ്ട്. കഴിയുന്നിടത്തോളം അവർക്ക് ആശ്വാസം പകരാൻ നിർദ്ദേശം കൊടുക്കാറുമുണ്ട്. അതിഥിയുടെ മനസ്സ് നേർത്ത കണ്ണാടിപോലെയാണ്. അല്പം ക്ഷതമേറ്റാൽ അതുടഞ്ഞുപോകും. ഇതിനുമുമ്പേ അതിഥികളുമായിരുന്ന് ഞാൻ ഭക്ഷണം കഴിക്കാറുണ്ടായിരുന്നു. രോഗം കൂടാൻ തുടങ്ങിയപ്പോൾ എനിക്ക് ആഹാരത്തിൽ പഥ്യം പാലിക്കേണ്ടിവന്നു. അപ്പോൾ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കാനുള്ള ഏർപ്പാടുണ്ടായില്ല. എന്നുമാത്രമല്ല അതിഥികളുടെ ആധിക്യംകൊണ്ട് സ്ഥലവും ആവശ്യത്തിനുണ്ടായില്ല. അതുകൊണ്ട് മാറിനില്ക്കാൻ ഞാൻ നിർബന്ധിതനായി. ഓരോരുത്തർക്കും ഉണ്ടാകുന്ന വിഷമങ്ങൾ നമ്മോട് പറയാൻ നമ്മളിൽനിന്ന് അനുവാദമുണ്ട്. ചിലർ രോഗികളായിരിക്കും. അവർക്ക് പ്രത്യേകമായ ഭക്ഷണത്തിന് ഏർപ്പാടുണ്ടാകേണ്ടതാണ്."

ഇന്ന് അല്ലഹുവിന്റെ അനുഗ്രഹത്താൽ ഓരോ ജനവിഭാഗത്തിനും പ്രത്യേകം പ്രത്യേകമല്ലെങ്കിലും രണ്ടുമൂന്നുതരം ഭക്ഷണം തയ്യാറാക്കാറുണ്ട്. പക്ഷേ ആതിഥേയരായിട്ടുള്ളവരും ഭക്ഷണം വിതരണം ചെയ്യുന്നവരും അതിഥികൾക്ക് ഇഷ്ടപ്പെട്ടവിധം ഭക്ഷണം നല്കാൻ ശ്രമിക്കേണ്ടതാണ്.

ഹദ്റത്ത് മൗലവി ഹസൻ അലി സാഹിബ്(റ) പറയുന്നു: അദ്ദേഹം ബയ്അത്ത് ചെയ്യുന്നതിനുമുമ്പേയുള്ള സംഭവമാണിത്. 1887-ലാണ് അദ്ദേഹം ആദ്യമായി ഖാദിയാനിൽ പോയത്. അദ്ദേഹം എഴുതുന്നു, മിർസാ സാഹിബിന്റെ ആതിഥ്യം കണ്ട് എനിക്ക് അത്ഭുതം തോന്നിപ്പോയി. ശ്രോതക്കൾ അദ്ദേഹത്തിന്റെ ആതിഥ്യത്തെക്കുറിച്ച് മനസ്സിലാക്കാൻ വേണ്ടി ഒരു ചെറിയ സംഭവം ഞാൻ എഴുതുകയാണ്. എനിക്ക് 'മുറുക്കുക' എന്ന ദുശ്ശീലമുണ്ടായിരുന്നു. അമൃതസറിൽനിന്നു എനിക്ക് മുറുക്കാൻ കിട്ടി. എന്നാൽ ബട്ടാലയിൽ എവിടെയും അത് കിട്ടിയില്ല. ഗത്യന്തരമില്ലാതെ ഏലക്കായ് തുടങ്ങിയവ ചവച്ച് ക്ഷമിച്ചു. അമൃതസറിൽനിന്ന് എനിക്ക് കിട്ടിയ സുഹൃത്ത്, എന്റെ ഈ ദുശ്ശീലത്തെക്കുറിച്ച് എപ്പോഴാണ് മിർസാ സാഹിബിനോട് പറഞ്ഞതെന്ന് എനിക്കറിയില്ല. ജനാബ് മിർസാ സാഹിബ് ഒരാളെ ഗുരുദാസ്പൂരിലേക്കയച്ചു. രണ്ടാം ദിവസം പകൽ 11 മണിക്ക് ഞാൻ ഭക്ഷണം കഴിച്ചുകഴിഞ്ഞപ്പോൾ എനിക്കായി മുറുക്കാൻ വെച്ചിരിക്കുന്നത് കണ്ടു. 16 മൈൽ ദൂരെനിന്ന് എനിക്കുവേണ്ടി മിർസാ സാഹിബ് വാങ്ങിപ്പിച്ചതായിരുന്നു അത്."

16 മൈൽ അകലെനിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തിന്നായി മുറുക്കാൻ വാങ്ങിപ്പിച്ചു. അദ്ദേഹത്തോട് വീണ്ടും ഖാദിയാനിൽ വരണമെന്ന് പറഞ്ഞു. സൽപ്രകൃതക്കാരനായിരുന്നതുകൊണ്ട് 1894-ൽ വീണ്ടും ഖാദിയാനിൽ വന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തു. കാരണം ആദ്യം ഖാദിയാനിൽ ചെന്നപ്പോൾ അദ്ദേഹത്തിൽനിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ബയ്അത്ത് വാങ്ങിയിരുന്നില്ല.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) നിവേദനം ചെയ്യുന്നു. മൗലവി അബ്ദുല്ലാ സാഹിബ് സന്നൗരി പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) മസ്ജിദ് മുബാറക്കിനോട് ചേർന്ന ബയ്ത്തുൽ ഫിക്റിൽ- അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വീടിന്റെ ഭാഗം തന്നെയാണ്- കിടക്കുകയായിരുന്നു. ഞാൻ ആ മഹാത്മാവിന്റെ കാൽ അമർത്തിക്കൊണ്ടിരുന്നു. മുറിയുടെ ജനലിന്റെ അടുത്ത് വന്ന് ലാലാ ശരംപത്തോ മലാവാമല്ലോ മുട്ടിവിളിച്ചു. ഞാൻ എഴുന്നേറ്റ് ജനൽ തുറക്കാൻ പോയപ്പോൾ ഹദ്റത്ത് സാഹിബ് പെട്ടെന്ന് ചാടിയെഴുന്നേറ്റ് വേഗത്തിൽപോയി എന്നേക്കാൾ മുമ്പേ ചങ്ങല നീക്കി. പിന്നീട് തന്റെ സ്ഥാനത്ത് വന്നിരുന്നു. എന്നിട്ട് പറഞ്ഞു: താങ്കൾ നമ്മുടെ അതിഥിയാണ്. അതിഥികളെ ആദരിക്കേണ്ടതാണെന്ന് നബി(സ) പറഞ്ഞിരിക്കുന്നു."

ഈ സംഭവം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിനയത്തിന്റെ ഉന്നതമായ ഒരു മാതൃകയാണ്; അതിഥികളെ ആദരിക്കുന്നതിന്റെയും. ബാഹ്യമായി നോക്കുമ്പോൾ ചെറിയൊരു കാര്യമാണിത്. പക്ഷേ, യജമാനൻ തന്റെ ശിഷ്യനെ ആദരിച്ചത് നബി(സ)ന്റെ കല്പന പാലിക്കുന്നതിനും ആ മഹാത്മാവിന്റെ ജീവിതമാതൃക പിൻപറ്റുന്നതിനും വേണ്ടി മാത്രമായിരുന്നു. ഇത് സത്യസന്ധനായ ഒരു പ്രേമിക്കു മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ. ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ), തന്നെ നബി(സ)യേക്കാൾ ശ്രേഷ്ഠനായി മനസ്സിലാക്കിയിരുന്നുവെന്ന് ചിലർ ആക്ഷേപിക്കുന്നു. എന്നാൽ, ഈ സത്യസന്ധമായ പ്രേമമാണ് ആ മഹാത്മാവ് തന്റെ ജമാഅത്തിൽ സൃഷ്ടിക്കാൻ ആഗ്രഹിച്ചത്.

ഒരിക്കൽ കപൂർത്തലയിലെ ബേഗോവാളിൽ നിന്ന് വലിയൊരു വ്യാപാരി തന്റെ ഒരു സഹോദരന്റെ ചികിത്സാർത്ഥം ഖാദിയാനിൽ വന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതറിഞ്ഞു. ആ മഹാത്മാവ് ഉടനെതന്നെ അദ്ദേഹത്തിനുവേണ്ടി നല്ലനിലയിൽ താമസത്തിനും ഭക്ഷണത്തിനുമുള്ള ഏർപ്പാട് ചെയ്തു. സ്നേഹത്തോടും വാത്സല്യത്തോടുംകൂടി അദ്ദേഹത്തിന്റെ രോഗത്തെക്കുറിച്ച് ചോദിച്ചുകൊണ്ടിരുന്നു. ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)നോട് പ്രത്യേകം അദ്ദേഹത്തെ നോക്കാൻ പറഞ്ഞു. അതുമായി ബന്ധപ്പെട്ട് ആ മഹാത്മാവ് ഇങ്ങനെയും പറഞ്ഞു: "സിക്കുകാരുടെ ഭരണകാലത്ത്

നമ്മുടെ പൂർവ്വികരായ മഹാത്മാക്കൾക്ക് ബേഗോവാളിൽ പോകേണ്ടതായി വന്നു. ഈ ഗ്രാമത്തിന് നമ്മളിൽ അവകാശമുണ്ട്.” ഇതിനുശേഷം അവിടുന്നാരെങ്കിലും വന്നാൽ ആ മഹാത്മാവ് പ്രത്യേകമായും അവരോട് സ്നേഹത്തോടെ പെരുമാറിയിരുന്നു. ഇവിടെ വീണ്ടും നബി(സ)യുടെ ജീവിതമാതൃകയനുസരിച്ച് ആ മഹാത്മാവ് പ്രവർത്തിക്കുന്നതാണ് നാം കാണുന്നത്. നജ്ജാശിയുടെ സംഘക്കാർ വന്നപ്പോൾ നബി (സ) അവരെ സ്നേഹിച്ചത് അവർ മുസ്ലിംകളോട് നല്ല രീതിയിൽ പെരുമാറിയിരുന്നതുകൊണ്ടാണ്.

ഹദ്റത്ത് മീർ ഹാമിദലി ശാഹ് സാഹിബ് സിയാൽക്കോട്ടി(റ) തന്നെക്കുറിച്ച് ഒരു സംഭവം എഴുതുന്നു. ഇത് ആദ്യകാലത്തെ സംഭവമാണ്. “ഈ വിനീതൻ മഗ്ഫൂറും മർഹൂമുമായ ഹുസൂറിന്റെ സന്നിധിയിൽ ഖാദിയാനിൽ കുറച്ചു ദിവസം താമസിച്ചതിനുശേഷം നാട്ടിലേക്ക് തിരിച്ചുപോകാൻ അനുവാദം ചോദിച്ചു. ഹുസൂർ അകത്തിരിക്കുകയായിരുന്നു. ഹുസൂറിന്റെ അതുല്യമായ അലിവും കരുണയും ഖാദിമീങ്ങൾക്ക് ഉള്ളിൽ പ്രവേശിക്കാൻ അനുവാദം നല്കിയിട്ടുണ്ടായിരുന്നു. എങ്കിലും ഈ വിനീതൻ അനുവാദത്തിനുവേണ്ടി സന്ദേശമയച്ചു. ‘അദ്ദേഹം അവിടെ നില്ക്കട്ടെ ഞാനിപ്പോൾ വെളിയിലേക്ക് വരുന്നു’ എന്നു എന്നോട് പറയാൻ ആളെ അയച്ചു. ഇതുകേട്ട് ഞാൻ പുറത്ത് മൈതാനത്ത് ഗോൾകമറയുടെ അടുത്ത് കിഴക്കേ ഇടവഴിയോട് ചേർന്നുനിന്നു. മറ്റുള്ളവരും ഇതുകേട്ട് അവിടെനിന്നും ഇവിടെനിന്നും ശലഭങ്ങളെപ്പോലെ ആ ദൈവികപ്രകാശത്തിന്റെ വിളക്കിനു ചുറ്റും കൂടാൻ ഓടിയെത്തി. ഹദ്റത്ത് സയ്യിദുനാ വ മൗലാനാ നൂറുദ്ദീൻ സാഹിബും ആഗതനായി. സഹോദരന്മാരുടെ ജമാഅത്ത് സംഘടിച്ചു. ഞങ്ങളെല്ലാവരും ഹുസൂറിനെ പ്രതീക്ഷിച്ച് കുറച്ചുനേരം നിന്നു. സാധാരണയിൽനിന്ന് വ്യത്യസ്തമായി ഹുസൂറിന്റെ കൈയിൽ പാൽ നിറച്ച മൊന്ത കണ്ടു. ഹദ്റത്ത് മിയാൻ സാഹിബിന്റെ കൈയിലാണെന്നുതോന്നുന്നു ഗ്ലാസും ഉണ്ടായിരുന്നു; ഉറുമാലിൽ പഞ്ചസാരയും. (അതായത് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഹുസൂറിന്റെ കൂടെ അപ്പോഴുണ്ടായിരുന്നു. അദ്ദേഹം അന്ന് ചെറിയ കുട്ടിയായിരുന്നു). ഹുസൂർ ഗോൾകമറയുടെ കിഴക്കുഭാഗത്തുള്ള ഇടവഴിയിലൂടെ വന്നുടനെ ‘ശാഹ് സാഹിബ് എവിടെ?’ എന്നു ചോദിച്ചു. ഞാൻ അടുത്തു തന്നെ നില്പുണ്ടായിരുന്നു. അല്പം മുന്നോട്ടുനീങ്ങി ‘ഹുസൂർ ഇവിടെ’ എന്നു പറഞ്ഞു. ഹുസൂർ നിന്നുകൊണ്ട് എന്നോട് ഇരിക്കാൻ പറഞ്ഞു. ഞാൻ ഉടനെ നിലത്തിരുന്നു (ഇരുന്ന് കഴിക്കണമെന്ന ഉപദേശവും ഇതിലടങ്ങിയിരിക്കുന്നു). പിന്നീട് ഹുസൂർ ഗ്ലാസ്സിൽ പാലൊഴിച്ച് പഞ്ചസാരയിട്ട് കലക്കി. മിയാൻ മഹ്മൂദാണോ അതോ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നെയാണോ പാലിന്റെ ഗ്ലാസ് എനിക്ക് തന്നതെന്ന് ഓർമ്മയില്ല. എന്തായാലും എന്റെ കണ്ണുകൾ ഇപ്പോഴും ആ ദൃശ്യം കാണുന്നുണ്ട്. ഈ നിവേദനം രേഖപ്പെടുത്തിയ ശേയ്ഖ് യഅ്ഖൂബലി സാഹിബ് ഇർഫാനിയും അവിടെ സന്നിഹിതനായിരുന്നു. തനിക്കും ഈ ദൃശ്യം ഓർമ്മയുണ്ടെന്ന് അദ്ദേഹം രേഖപ്പെടുത്തുന്നു. ഹദ്റത്ത് മഹ്മൂദും ഇതിൽ പങ്കാളിയായിരുന്നു. ഹുസൂർ ഗ്ലാസ്സിൽ പാലൊഴിക്കുകയും പഞ്ചസാരയിടുകയും അത് നല്ലവണ്ണം കലക്കുകയും ചെയ്തിട്ട് എനിക്ക് തന്നു. മറ്റുചിലർ ആ ജോലി ചെയ്യാമെന്ന് പറഞ്ഞുവെങ്കിലും ഹുസൂർ അത് സമ്മതിക്കാതെ സ്വയംതന്നെ അതെല്ലാം ചെയ്തു. ഞാൻ പാൽ കുടിച്ചുകഴിഞ്ഞപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) രണ്ടാമത്തെ ഗ്ലാസ്സ് നിറച്ചുതന്നു. അദ്ദേഹം പറയുന്നു, ഞാൻ അതും കുടിച്ചു. വലിയ ഗ്ലാസ്സായിരുന്നതുകൊണ്ട് എന്റെ വയർ നിറഞ്ഞുകഴിഞ്ഞിരുന്നു. മൂന്നാമതും ഹദ്റത്ത് മസീഹ് മൗഊദ്(അ) ഗ്ലാസ്സിൽ പാലൊഴിച്ചു. ഞാൻ വളരെ നാണിച്ച് ഹുസൂറിനോട് എന്റെ വയർ നിറഞ്ഞുവെന്ന് പറഞ്ഞു. സാരമില്ല, ഒന്നുകൂടി കുടിച്ചുകൊള്ളാൻ അവിടന്ന് നിർദ്ദേശിച്ചു. ഞാൻ മൂന്നാമത്തെ ഗ്ലാസ്സും കുടിച്ചു. പിന്നീട് ഹുസൂർ തന്റെ പോക്കറ്റിൽനിന്ന് കുറച്ച് ബിസ്ക്കറ്റെടുത്ത് അത് പോക്കറ്റിലിടാനും വഴിയിൽ വിശപ്പുണ്ടായാൽ തിന്നുകൊള്ളാനും പറഞ്ഞു. ഞാനത് പോക്കറ്റിലിട്ടു. ബാക്കിയുണ്ടായിരുന്ന പാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) അകത്തേക്ക് കൊടുത്തയച്ചു. അതിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു ‘വരിക, ഇനി ഞാൻ താങ്കളെ യാത്രയാക്കാം.’ ഞാൻ സ്വയം പോയ്ക്കൊള്ളാമെന്നു ഹുസൂറിനോട് പറഞ്ഞുവെങ്കിലും ആ മഹാത്മാവ് എന്റെ കൂടെ വന്നു. കൂടെ ഒരു സംഘം ആളുകളുമുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ദീനീപരമായ കാര്യങ്ങൾ പറഞ്ഞുകൊണ്ടാണ് നടന്നത്. വളരെ ദൂരെ എത്തിയപ്പോൾ ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് എന്റെ ചെവിയിൽ പറഞ്ഞു, ‘മുന്നോട്ട് നീങ്ങി ഹദ്റത്ത് സാഹിബിൽനിന്ന് അനുവാദം ചോദിച്ചുകൊള്ളുക. ഇല്ലെങ്കിൽ ഹദ്റത്ത് സാഹിബ് താങ്കളോടൊപ്പം ഇങ്ങനെ നടന്നുകൊണ്ടേയിരിക്കും.’ അദ്ദേഹം പറയുന്നു, ഞാൻ മുന്നോട്ടുനീങ്ങി അനുവാദം ചോദിച്ചു. സന്തോഷത്തോടെ ചിരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, ‘ശരി. നാം കാൺകെ താങ്കൾ യാത്രയാവുക.’ അങ്ങനെ ഞാൻ കുതിരവണ്ടിയിൽ ഇരുന്നു യാത്ര ആരംഭിച്ചു.

മുൻശി അബ്ദുൽ ഹഖ് സാഹിബുമായി നടക്കാൻ പോയി തിരിച്ചുവരുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: “താങ്കൾ അതിഥിയാണ്. താങ്കൾക്ക് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ മടിയൊന്നും കൂ

ടാതെ എന്നോട് പറയണം. ഞാൻ വീട്ടിലാണ് ഉണ്ടാവുക. ആർക്കൊക്കെ എന്തൊക്കെ ആവശ്യമുണ്ടെന്ന് അറിയാൻ കഴിയുകയില്ല. അതിഥികളുടെ ആധിക്യം കൊണ്ട് ഈയിടെയായി ചിലപ്പോൾ പരിചാരകനും അശ്രദ്ധ കാണിച്ചേക്കാം. നേരിട്ട് പറയുന്നത് ഇഷ്ടമല്ലെങ്കിൽ കത്തെഴുതി കൊടുത്തയക്കുക. ആതിഥ്യം എന്റെ കടമയാണ്."

മുഫ്തി സാദിഖ് സാഹിബ്(റ) എഴുതുന്നു: "ഒരിക്കൽ ഞാൻ ലാഹോറിൽനിന്ന് ഖാദിയാനിൽ വന്നതാണ്. 1897-ലോ 98-ലോ ഉണ്ടായ സംഭവമാണിത്. എന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ) മസ്ജിദ് മുബാറക്കിൽ കൊണ്ടുപോയിരുത്തി. അന്ന് അതൊരു ചെറിയ സ്ഥലമായിരുന്നു. താങ്കൾ ഇവിടെ ഇരിക്കുക, ഞാൻ ഭക്ഷണമെടുത്തുകൊണ്ടുവരാമെന്ന് പറഞ്ഞ് ആ മഹാത്മാവ് വീട്ടിലേക്ക് കയറിപ്പോയി. ഞാൻ വിചാരിച്ചത് ആരുടെയെങ്കിലും കൈയിൽ ആഹാരം കൊടുത്തുവിടുമെന്നാണ്. കുറച്ചു മിനുട്ടുകൾക്കു ശേഷം ജനൽ തുറന്നപ്പോൾ ആ മഹാത്മാവ് ട്രേയിൽ എനിക്ക് ഭക്ഷണം കൊണ്ടുവരുന്നതാണ് ഞാൻ കണ്ടത്. എന്നെ നോക്കിക്കൊണ്ട് 'താങ്കൾ ഭക്ഷണം കഴിക്കുക, ഞാൻ വെള്ളം കൊണ്ടുവരാ' മെന്ന് പറഞ്ഞു. ഹദ്റത്ത് നമ്മുടെ ഇമാമായിരുന്നിട്ടും നമുക്ക് വേണ്ടി ഇങ്ങനെയൊക്കെ സേവനം ചെയ്യുന്ന സ്ഥിതിക്ക് നമ്മൾ പരസ്പരം എത്രമാത്രം സേവനം ചെയ്യേണ്ടതാണെന്നോർത്ത് അനിയന്ത്രിതമായ നൊമ്പരംകൊണ്ട് എന്റെ കണ്ണീരൊഴുകി."

മുൻശി സഫ്ർ അഹ്മദ് സാഹിബ് കപൂർത്തലവി പറയുന്നു. ഒരിക്കൽ ജൽസാസാലാനയുടെ അവസരത്തിൽ ഒരുപാടാളുകൾ വന്നിരുന്നു. അവരുടെ പക്കൽ ചൂടുവസ്ത്രങ്ങളോ മറ്റോ ഉണ്ടായിരുന്നില്ല. ബട്ടാലയിൽനിന്നു വന്ന നബിബഖ്ശ് സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വീട്ടിൽനിന്ന് വിരിപ്പും പുതപ്പുമെല്ലാം ചോദിച്ചുവാങ്ങാൻ തുടങ്ങി. അതെല്ലാം അതിഥികൾക്കായി കൊടുത്തുകൊണ്ടിരുന്നു. ഇശായ്ക്കുശേഷം ഞാൻ ഹുസൂറിന്റെ സന്നിധിയിൽ ഹാജരായി. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) കക്ഷത്തിൽ കൈവച്ചുകൊണ്ട് ഇരിക്കുന്നതാണ് കണ്ടത്. ഖലീഫ ഥാനിയാണെന്ന് തോന്നുന്നു അടുത്തു കിടപ്പുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നീളൻകോട്ട് അദ്ദേഹത്തിന് പുതച്ചുകൊടുത്തിരുന്നു. ചോദിച്ചപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിരിപ്പും പുതപ്പുമെല്ലാം അതിഥികൾക്ക് കൊടുത്തിരിക്കുന്നുവെന്ന് അറിയാൻ കഴിഞ്ഞു. ഞാൻ പറഞ്ഞു 'ഹുസൂർ, അങ്ങേയ്ക്ക് പുതക്കാൻ ഒന്നുമില്ലല്ലോ തണുപ്പ് അധികമാണ്.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു. അതിഥികൾക്ക് ബുദ്ധിമുട്ടുണ്ടാകാൻ പാടില്ല. നമുക്കെന്ത് സംഭവിക്കാനാണ്. രാത്രി ഇങ്ങനെയങ്ങ് കഴിഞ്ഞുപോകും. താഴെ ഇറങ്ങിവന്ന ഞാൻ, 'താങ്കൾ ഹദ്റത്ത് സാഹിബിന്റെ വിരിപ്പും പുതപ്പുംപോലും എടുത്തുകൊണ്ടുവന്നു' എന്ന് പറഞ്ഞ് നബിബഖ്ശിനോട് ദ്വേഷപ്പെട്ടു.' അദ്ദേഹം ലജ്ജിതനായി. പറഞ്ഞു, 'കൊടുത്തത് ഇപ്പോൾ എങ്ങനെ തിരിച്ചുവാങ്ങാനാണ്. മുൻശി സാഹിബ് പറയുന്നു, ഞാൻ മുഫ്ത്തി ഫള്ലുർ റഹ്മാൻ സാഹിബിൽനിന്നോ മറ്റാരിൽനിന്നോ വിരിപ്പും പുതപ്പും കൊണ്ടുവന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് കൊടുത്തു. ആ മഹാത്മാവ് പറഞ്ഞു, 'ഇത് വേറെ ഏതെങ്കിലും അതിഥിക്ക് കൊടുത്തുകൊള്ളുക. എനിക്ക് ഉറക്കം വരുന്നില്ല.' ഞാൻ നിർബന്ധിച്ചിട്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) അത് വാങ്ങിയില്ല.

ഹദ്റത്ത് ശേയ്ഖ് യഅ്ഖൂബലി ഇർഫാനി(റ) എഴുതുന്നു. 1893 മാർച്ച് മാസത്തിന്റെ അവസാനം ഞാൻ ഖാദിയാനിൽ വന്നു. റമദാൻ തുടങ്ങിക്കഴിഞ്ഞിരുന്നു. ജനങ്ങൾ ആ നേരത്ത് ഉണർന്നുവരികയായിരുന്നു. അതിഥി മന്ദിരത്തിൽ വെറും രണ്ട് ചെറിയ മുറിയും ഒരു മുറ്റവുമാണുണ്ടായിരുന്നത്. ഇപ്പോഴുള്ള അതിഥിമന്ദിരംവരെ വെറും ഫ്ളാറ്റ്ഫോമായിരുന്നു. ഹദ്റത്ത് ഹാഫിസ് ഹാമിദലി സാഹിബ് ഏതോ അതിഥി വന്നിട്ടുണ്ടെന്ന് അറിഞ്ഞു. അതിഥി മന്ദിരത്തിന്റെ സെക്രട്ടറിയും കാവൽക്കാരനും ഇൻചാർജ്ജുമെല്ലാം അദ്ദേഹംതന്നെയായിരുന്നു. എന്നെ അദ്ദേഹത്തിന് നേരത്തെ അറിയാം. എന്നെ കണ്ടപ്പോൾ സ്നേഹത്തോടും സന്തോഷത്തോടുംകൂടി കൈ തരികയും ആശ്ലേഷിക്കുകയും ചെയ്തു. ഈ നേരത്ത് എവിടെനിന്ന് വരുന്നുവെന്ന് അത്ഭുതത്തോടെ ചോദിച്ചു. വെളുപ്പിന് 3 മണിക്ക് ഇടഅത്താഴത്തിന്റെ നേരമായിരുന്നു അത്. ഞാൻ കാര്യങ്ങൾ പറഞ്ഞപ്പോൾ അദ്ദേഹം കൂടുതൽ അത്ഭുതപ്പെട്ടു. ഞാൻ കൊണ്ടുവന്ന പച്ചക്കറിയും മറ്റും അദ്ദേഹത്തിന്റെ കൈയിൽ കൊടുത്തു. അദ്ദേഹം അതും വാങ്ങി അകത്തേക്ക് പോയി. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിവരമറിയിച്ചു. ഹദ്റത്ത് സാഹിബ് ആ നേരത്ത് എന്നെ ഗോൾകമറയിലേക്ക് വിളിപ്പിച്ചു. അവിടെ ഭക്ഷണം തയ്യാറായിരിപ്പുണ്ടായിരുന്നു. ആ നിമിഷം എന്റെ ജീവിതത്തിൽ എനിക്ക് മറക്കാൻ സാധിക്കുകയില്ല. സ്നേഹത്തോടും വാത്സല്യത്തോടുംകൂടി ആവർത്തിച്ചാവർത്തിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു "താങ്കൾ ഒരുപാട് ബുദ്ധിമുട്ടിയിട്ടുണ്ടാകും." 'ഇല്ല. എനിക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. ഞാൻ ഇവിടെ എത്തിയത് അറിഞ്ഞതേയില്ല. എന്നൊക്കെ ഞാൻ പറഞ്ഞു.' എന്നാൽ, വഴിതെറ്റിപ്പോയാലുള്ള വിഷമം

വളരെ ഏറെയാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞുകൊണ്ടിരുന്നു (അദ്ദേഹം ബട്ടാലയിൽ നിന്ന് നടന്നുവരികയായിരുന്നു. വഴി തെറ്റിപ്പോയി. അതുകൊണ്ടാണ് വരാൻ താമസിച്ചത്). ഭക്ഷണം കഴിക്കാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) നിർബന്ധിച്ചു കൊണ്ടിരുന്നു. ആ മഹാത്മാവിന്റെ മുമ്പിലിരുന്ന് ഭക്ഷണം കഴിക്കുന്നതിൽ എനിക്ക് മടി തോന്നി. അപ്പോൾ തന്റെ കൈ കൊണ്ട് ഭക്ഷണം മുന്നോട്ട് നീക്കിവച്ച്, 'വിശക്കുന്നുണ്ടാകും യാത്രാക്ഷീണവുമുണ്ടാകും' എന്നൊക്കെ പറഞ്ഞ് കഴിക്കാൻ നിർബന്ധിച്ചു. അവസാനം ഞാൻ കഴിക്കാൻ തുടങ്ങി. ഹദ്റത്ത് ഹാമിദലി സാഹിബും അടുത്തിരിപ്പുണ്ടായിരുന്നു. ഞാൻ പറഞ്ഞു, "ഹുസൂർ അങ്ങ് പോയി വിശ്രമിച്ചാലും, ഞാൻ കഴിച്ചുകൊള്ളാം." ഹദ്റത്ത് ഹാമിദലി സാഹിബിനോട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, 'ശരി. ഹാമിദലി നല്ലവണ്ണം ഭക്ഷണം കൊടുക്കുക. ഇവിടെത്തന്നെ കിടക്കയും വിരിച്ചുകൊടുക്കുക. നല്ല സുഖമായി ഉറങ്ങിക്കൊള്ളട്ടെ." ഇതുംപറഞ്ഞ് ഹദ്റത്ത് മസീഹ് മൗഊദ്(അ) അവിടെനിന്ന് പോയി. എങ്കിലും കുറച്ചു കഴിഞ്ഞപ്പോൾ ഒരു കിടക്കയുമായി ആ മഹാത്മാവ് വന്നു. അതെല്ലാം കണ്ടപ്പോൾ ഒരു വല്ലാത്ത അവസ്ഥയായിരുന്നു എനിക്ക്. ഒരു ഭാഗത്ത് ആ മഹാത്മാവിന്റെ ഈ പെരുമാറ്റംകണ്ട് ആദരിക്കപ്പെടേണ്ടുന്ന ഒരു വ്യക്തി നിസ്സാരനായ തന്റെ ശിഷ്യനുവേണ്ടി എന്തെന്തെല്ലാം കാര്യങ്ങളാണ് ചെയ്യുന്നതെന്നോർത്ത് ഞാൻ ലജ്ജിച്ചുകൊണ്ടിരുന്നു. ഹുസൂർ അങ്ങെന്തിനാണ് ബുദ്ധിമുട്ടുന്നതെന്ന് ഞാൻ ചോദിച്ചു. അപ്പോൾ പറഞ്ഞു: 'ബുദ്ധിമുട്ട് ഏത് കാര്യത്തിലാണ്. താങ്കൾക്കിന്ന് ഒരുപാട് ബുദ്ധിമുട്ടുണ്ടായിരിക്കുന്നു. അതുകൊണ്ട് നല്ലവണ്ണം വിശ്രമിക്കുക.' അങ്ങനെ കിടക്ക അവിടെവെച്ചിട്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) അകത്തേക്ക് പോയി. ഹദ്റത്ത് ഹാമിദലിസാഹിബ് എന്നോടൊപ്പമുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു. 'താങ്കൾ കിടന്നുകൊള്ളുക. ഞാൻ താങ്കളുടെ കാലുകൾ അമർത്തിത്തരാം.' ഞാൻ വളരെ മടി കാണിച്ചുകൊണ്ട് എന്റെ കാൽ അമർത്തണ്ട എന്നുപറഞ്ഞു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദ്ദേശമാണതെന്ന് അദ്ദേഹം അറിയിച്ചു. അദ്ദേഹത്തിന്റെ ഈ വാക്കുകൾ കേട്ടപ്പോൾ എന്റെ കണ്ണുകളിൽനിന്ന് അനിയന്ത്രിതമായി കണ്ണീരൊഴുകാൻ തുടങ്ങി. അല്ലാഹ്, അല്ലാഹ് എത്രമാത്രം സ്നേഹവും വാത്സല്യവുമാണ് ആ മനസ്സിൽ. തന്റെ ശിഷ്യർക്കുവേണ്ടി എത്രമാത്രം ശ്രദ്ധാലുവാണ്. ഫജ്ർ നമസ്കാരത്തിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) പള്ളിയിലിരിക്കുമ്പോൾ എന്നോട് ചോദിച്ചു. 'നല്ലവണ്ണം ഉറങ്ങിയോ? ക്ഷീണമൊന്നുമില്ലല്ലോ?' ഈ രീതിയിലാണ് ആ മഹാത്മാവ് വാത്സല്യം പ്രകടിപ്പിച്ചത്. ഇക്കാര്യമാണ് എന്നെ ജോലിയുപേക്ഷിച്ച് ഖാദിയാനിൽ കൊണ്ടുവന്നത്.

ബാഗോവാലയിലെ മിയാ റഹ്മത്തുല്ലായെക്കുറിച്ചുള്ള ഒരു സംഭവമാണ്. അദ്ദേഹം ബംഗാ അഞ്ചുമൻ അഹ്മദിയ്യായുടെ സെക്രട്ടറിയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആത്മാർത്ഥരായ ഖാദിമീംകളിൽപെട്ടയാളുമായിരുന്നു. അദ്ദേഹം മുഖേന ബംഗാ ജമാഅത്തിന് അല്ലാഹു വലിയ ബർക്കത്തും അഭിവൃദ്ധിയും നല്കി. 1905-ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) തോട്ടത്തിൽ താമസം തുടങ്ങിയപ്പോൾ മിയാ റഹ്മത്തുല്ലാ ഖാദിയാനിൽ വന്നിരുന്നു. അദ്ദേഹം അതിഥി മന്ദിരത്തിൽ സാധാരണയെന്നപോലെ താമസിച്ചു. മിയാൻ നജ്മുദ്ദീൻ ലങ്കർഖാനയുടെ കാവൽക്കാരനും സെക്രട്ടറിയുമായിരുന്നു. അദ്ദേഹത്തിനെന്തോ ശാഠ്യം വന്നു. ആത്മാർത്ഥതയിൽ അദ്ദേഹം ആരേക്കാളും പിന്നിലായിരുന്നില്ല. ജമാഅത്തിന്റെ സേവനത്തിനും അതിഥികളുടെ സൗഖ്യത്തിനുമായി കഴിവിന്റെ പരമാവധി ശ്രമിച്ചിരുന്നു. അധ്വാനിക്കുന്ന പ്രകൃതമായിരുന്നു. മിയാ റഹ്മത്തുല്ലാ സാഹിബിനെ എന്തോ അദ്ദേഹത്തിന് ഗൗനിക്കാൻ കഴിഞ്ഞില്ല. വേവാത്ത റൊട്ടിയാണ് അദ്ദേഹത്തിന് കിട്ടിയത്. അതുകൊണ്ട് അദ്ദേഹത്തിന് രോഗം പിടിപെട്ടു. ഞാൻ കാരണം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, 'വേവാത്ത റൊട്ടിയാണ് എനിക്ക് കിട്ടിയത്. തന്തൂർ റൊട്ടി തിന്ന് ശീലമില്ല.' അദ്ദേഹത്തിന്റെ ബുദ്ധിമുട്ട് ഞാൻ മനസ്സിലാക്കി. ഞാൻ നേരെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുത്തുപോയി. വിവരം കിട്ടിയയുടനെ ഹദ്റത്ത് മസീഹ് മൗഊദ്(അ) പുറത്തുവന്ന് ചോദിച്ചു 'മിയാ യഅ്ഖൂബലി എന്താണ് കാര്യം?' കാര്യങ്ങൾ വിശദീകരിച്ചുകൊണ്ട് ഞാൻ പറഞ്ഞു, 'ഹുസൂർ ഒന്നുകിൽ അതിഥികളെ എല്ലാവർക്കും വീതിച്ചുകൊടുക്കുക, അല്ലെങ്കിൽ ബുദ്ധിമുട്ടുണ്ടാകാത്തവിധം ഏർപ്പാട് ചെയ്യുക.'

ഇത് ഞാനിന്ന് ഓർക്കുമ്പോൾ അല്ലാഹു നിയോഗിച്ചയാളോട്, അന്നെന്തിന് ഇങ്ങനെ പറഞ്ഞുവെന്നോർത്ത് ലജ്ജിക്കാറുണ്ട്. എന്നാൽ, ആ കാരുണ്യത്തിന്റേയും ഉദാരതയുടെയും സന്ദേശവാഹകൻ ഞാൻ പറഞ്ഞ അപ്രിയമായ കാര്യത്തിലേക്ക് ഒട്ടും ശ്രദ്ധിച്ചില്ല. ആ മഹാത്മാവ് പറഞ്ഞു: "കാര്യങ്ങൾ എന്നെ അറിയിച്ചുകൊണ്ട് താങ്കൾ വളരെ നല്ല കാര്യമാണ് ചെയ്തത്. ചപ്പാത്തിയുണ്ടാക്കാനുള്ള ഏർപ്പാട് ചെയ്യാം." (തന്തൂരി റൊട്ടി തിന്ന് ശീലമില്ലെങ്കിൽ മയമുള്ള ചപ്പാത്തി ഉണ്ടാക്കാൻ ഏർപ്പാട് ചെയ്യാമെന്നാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത്). മിയാൻ നജ്മുദ്ദീനോടും ഇതിനെക്കുറിച്ച് ഞാൻ പറയുന്നതാണ്. അദ്ദേഹത്തെ വിളിച്ചുകൊണ്ടുവരിക. ഏതെങ്കിലും അതിഥിക്ക് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ ഉടനെ എന്നെ വിവരമറിയിക്കുന്നത് വളരെ നല്ല കാര്യമാണ്.

ലങ്കർഖാനയിലുള്ളവർ പറയുകയില്ല. അർക്കത് ഒട്ട് അറിയാനും കഴിയുകയില്ല. മിയാ റഹ്മത്തുല്ലാ എവിടെ? അദ്ദേഹത്തിന് രോഗം കൂടിയിട്ടുണ്ടോ? വരാൻ കഴിയുമെങ്കിൽ അദ്ദേഹത്തേയും കൊണ്ടുവരിക." ഞാൻ തിരിച്ചുവന്ന് മിയാ റഹ്മത്തുല്ലാ സാഹിബിനോട് വിവരം പറഞ്ഞു. താങ്കളെന്തിനാണ് ഹദ്റത്ത് സാഹിബിനെ ബുദ്ധിമുട്ടിച്ചതെന്നും എനിക്ക് ഇപ്പോൾ അസുഖമൊന്നുമില്ലെന്നും പറഞ്ഞ് അദ്ദേഹവും വിഷമിച്ചു. അങ്ങനെ ഞാൻ അദ്ദേഹത്തെ ഹദ്റത്ത് സാഹിബിന്റെ അടുക്കൽ കൊണ്ടുപോയി. ലങ്കൽഖാനയിലെ ഇൻചാർജ്ജായ മിയാ നജ്മുദ്ദീനും അവിടെ എത്തി. ഹദ്റത്ത് സാഹിബ് മിയാ റഹ്മത്തുല്ലാ സാഹിബിനോട് ഒരുപാട് ക്ഷമായാചനം ചെയ്തു. വളരെ ഖേദം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: "വളരെ തെറ്റാണ് ചെയ്തത്. താങ്കൾ അങ്ങനെ ചെയ്യാൻ പാടില്ലായിരുന്നു. ഞാൻ തോട്ടത്തിലായിപ്പോയി. ഇല്ലായിരുന്നെങ്കിൽ ബുദ്ധിമുട്ടുണ്ടാകുമായിരുന്നില്ല. ഇപ്പോൾ ഇൻശാഅല്ലാഹ് ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്." ഹദ്റത്ത് സാഹിബ് എത്രത്തോളം ക്ഷമ യാചിക്കുകയും സാന്ത്വനപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നുവോ അത്രത്തോളം ഞാനും മിയാ നജ്മുദ്ദീനും ലജ്ജിതരായിക്കൊണ്ടിരുന്നു. പിന്നീട് അദ്ദേഹം താമസിച്ച കാലമത്രയും ഹദ്റത്ത് സാഹിബ് നിത്യവും അദ്ദേഹത്തിന് വല്ല ബുദ്ധിമുട്ടും ഉണ്ടോ എന്ന് തിരക്കുമായിരുന്നു. മിയാ നജ്മുദ്ദീനേയും അതിഥികളെ നല്ലവണ്ണം ശ്രദ്ധിക്കുക എന്നുപറഞ്ഞ് ഉപദേശിച്ചു.

ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ്(റ) എഴുതുന്നു. ഹദ്റത്ത് അതിഥികളെ സൽകരിക്കാൻ ഒരുപാട് ഏർപ്പാടുകൾ ചെയ്യാറുണ്ടായിരുന്നു. അതിഥികൾ കുറവായിരുന്നപ്പോൾ സ്വന്തംതന്നെ അവർക്കു വേണ്ട താമസസൗകര്യവും ഭക്ഷണസൗകര്യവും ഒരുക്കിയിരുന്നു. അതിഥികളുടെ വരവ് വർദ്ധിച്ചപ്പോൾ ഖാദിമീങ്ങളായ ഹാഫിസ് ഹാമിദ് അലി സാഹിബിനും മിയാ നജ്മുദ്ദീൻ സാഹിബിനും നിർദ്ദേശം കൊടുക്കുമായിരുന്നു: നോക്കൂ, അതിഥികൾക്ക് ഒരുതരത്തിലുള്ള ബുദ്ധിമുട്ടുകളും ഉണ്ടാകാൻ പാടില്ല. അവരുടെ എല്ലാ ആവശ്യങ്ങളും ഭക്ഷണപാനീയങ്ങളും വിഷമങ്ങളും ശ്രദ്ധിക്കുക. ചിലരെ നിങ്ങൾക്കറിയാം. ചിലരെ നിങ്ങൾക്കറിയില്ല. അതുകൊണ്ട് എല്ലാവരും ബഹുമാനത്തിന് അർഹരാണെന്നു മനസ്സിലാക്കി അവരെ സേവിക്കുക. തണുപ്പുകാലമാണ്. ചായ കുടിപ്പിക്കുക. ബുദ്ധിമുട്ടാർക്കും ഉണ്ടാകരുത്. താങ്കളെക്കുറിച്ച് എനിക്ക് നല്ല അഭിപ്രായമാണുള്ളത്. താങ്കൾ അതിഥികൾക്ക് ആശ്വാസം നല്കുന്നു. എല്ലാവരേയും നല്ലവണ്ണം സേവിക്കുക. ആരുടെയെങ്കിലും വീട്ടിൽ തണുപ്പ് അധികമായതിനാൽ വിറകിനോ കൽക്കരിക്കോ ആവശ്യമുണ്ടെങ്കിൽ അതിനുള്ള ഏർപ്പാട് ചെയ്യുക."

ഒരു അനഹ്മദിയുടെ അഭിപ്രായം കൂടി കേൾക്കുക. അദ്ദേഹം 1905-ൽ ഖാദിയാനിൽ വന്നിരുന്നു. ഖാദിയാനിൽനിന്ന് തിരിച്ചുപോയതിനുശേഷം അമൃത്സറിലെ വക്കീൽ പത്രത്തിൽ തന്റെ അഭിപ്രായം അദ്ദേഹം രേഖപ്പെടുത്തി. അതിന്റെ കുറച്ചുഭാഗം ഞാൻ കേൾപ്പിക്കാം. അദ്ദേഹം എഴുതുന്നു: " മറ്റെന്താണ് ഞാൻ കണ്ടത്? ഖാദിയാൻ കണ്ടു. മിർസാ സാഹിബുമായി കൂടിക്കാഴ്ച നടത്തി. അതിഥിയായി പാർത്തു. മിർസാ സാഹിബിന്റെ ഉത്ക്കൃഷ്ട സ്വഭാവങ്ങൾക്കും ദയാദൃഷ്ടിക്കും ഞാൻ നന്ദി രേഖപ്പെടുത്തേണ്ടതാണ്. ചൂട് കൊണ്ട് എന്റെ വായിൽ പുണ്ണുണ്ടായി. കട്ടിയുള്ള ഭക്ഷണം എനിക്ക് കഴിക്കാൻ കഴിഞ്ഞിരുന്നില്ല. മിർസാ സാഹിബ് ഒരിക്കൽ യാദൃശ്ചികമായി വീട്ടിൽനിന്ന് വെളിയിൽ വന്നപ്പോൾ പാലും കാൽ ഭാഗം റൊട്ടിയും കഴിക്കാൻ പറഞ്ഞു...... ഇക്കാലത്ത് മിർസാ സാഹിബ് ഖാദിയാന് വെളിയിൽ വിശാലവും താമസയോഗ്യവുമായ ഒരു തോട്ടത്തിൽ- അത് അദ്ദേഹത്തിന്റേതുതന്നെയാണ്- താമസിച്ചുവരികയാണ്. സമുദായത്തിലെ ആദരണീയരായ വ്യക്തികളും അവിടെത്തന്നെയാണ് താമസിക്കുന്നത്. ഖാദിയാനിലെ ജനസംഖ്യ ഏകദേശം മൂവായിരമാണ്. എന്നാൽ, മനോഹാരിതയും ജനപെരുമാറ്റവും വളരെയധികമാണ്. നവാബ് സാഹിബ് മാലേർകോട്ട്ലായുടെ മനോഹരവും ഉയർന്നതുമായ ഒരു കെട്ടിടം മാത്രമേ ഇവിടെ വലുതായിട്ടുള്ളൂ. വഴി ഇടിഞ്ഞുപൊളിഞ്ഞതും സഞ്ചാരയോഗ്യമല്ലാത്തതുമാണ്. പ്രത്യേകിച്ച് ബട്ടാലയിൽനിന്ന് ഖാദിയാൻവരെയുള്ള റോഡ്. അതെല്ലാത്തിനേക്കാളും ഭയമുളവാക്കുന്നതായിരുന്നു. ഖാദിയാനിലേക്ക് വരുമ്പോൾ കുതിരവണ്ടിയിൽ എനിക്കുണ്ടായ ബുദ്ധിമുട്ടിന് അവിടെനിന്ന് മടങ്ങിവരുമ്പോൾ നവാബ് സാഹിബിന്റെ വാഹനം അയവ് വരുത്തി. മിർസാ സാഹിബിനെ കാണാനുള്ള ആഗ്രഹം എന്റെ മനസ്സിൽ അലയടിച്ചുയർന്നില്ലായിരുന്നെങ്കിൽ ഒരു പക്ഷേ, എട്ടു മൈൽ എന്നത് എട്ടടി പോലും എനിക്ക് മുന്നോട്ടുവയ്ക്കാൻ കഴിയുകയില്ലായിരുന്നു. അതിഥിസൽക്കാരം പ്രത്യേക വ്യക്തികളിൽ മാത്രം പരിമിതമായിരുന്നില്ല. ചെറിയവർ മുതൽ വലിയവർവരെ എല്ലാവരും സഹോദരനോടെന്നപോലെ എന്നോട് പെരുമാറി."

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതവുമായി ബന്ധപ്പെട്ട ചില സംഭവങ്ങളാണ് ഞാൻ കേൾപ്പിച്ചത്. അതുകൊണ്ട് ആതിഥ്യം നല്കാൻ അത്യുത്സാഹത്തോടെ ഉദ്യോഗസ്ഥന്മാർ തയ്യാറായി

രിക്കുന്നതോടൊപ്പം ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ജീവിതത്തിലെ ഈ മാതൃകയും നമ്മുടെ മനസ്സിൽ ആർദ്രമായിരിക്കുന്നതിനുണ്ടേിയാണ് ഞാനിത് പറഞ്ഞത്. എന്നല്ല, അധികമാളുകളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതചരിത്രം അറിയുന്നവരല്ല. എല്ലാ ഭാഷയിലും അത് പ്രസിദ്ധീകരിച്ചിട്ടുമില്ല.

ഞാൻ പറഞ്ഞതുപോലെ ചിലയാളുകളുടെ സ്വന്തക്കാരായ അതിഥികൾ വന്നിട്ടുണ്ടാകും. ചിലർ അടുത്തബന്ധുക്കളായിരിക്കും. അവരുടെ ആതിഥ്യം സന്തോഷത്തോടെ ആരും ചെയ്യാറുണ്ട്. ചിലർ വിദൂര ബന്ധുക്കളോ പരിചയക്കാരോ ആയിരിക്കും. വ്യക്തിപരമായ നിലയിൽ നിങ്ങളുടെ അതിഥിയായിരിക്കും. അവർക്കും ആതിഥ്യം നല്കുക. ഇപ്രകാരംതന്നെ ജമാഅത്തുപരമായ നിലയിൽ ഉദ്യോഗസ്ഥന്മാർ പ്രത്യേകമായും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്; ഭക്ഷണം, താമസം, ട്രാൻസ്പോർട്ട് വിഭാഗങ്ങൾ പ്രത്യേകിച്ചും. ഈ വകുപ്പിന്റെ ഉദ്യോഗസ്ഥന്മാർക്ക് നേരിട്ട് അതിഥികളുമായി ബന്ധം വയ്ക്കേണ്ടിവരും. ഇപ്രാവശ്യം ട്രാൻസ്പോർട്ട് സംവിധാനങ്ങളിൽ അല്പം മാറ്റം വരുത്തിയിട്ടുണ്ട്. പുതിയൊരു പരീക്ഷണം നടക്കുകയാണ്. അതുകൊണ്ട് ട്രാൻസ്പോർട്ട് വിഭാഗത്തിലെ ഉദ്യോഗസ്ഥന്മാരും നല്ലനിലയിൽ തങ്ങളുടെ കടമ നിറവേറ്റേണ്ടതാണ്. ബസ്സുകളും, ട്രെയിനുകളും ഓടിക്കുന്നുണ്ടെന്നത് ശരി. പക്ഷേ, ജമാഅത്ത് ഏർപ്പെടുത്തിയിട്ടുള്ള ബസ്സുകൾ പ്രത്യേക സ്ഥലത്തുനിന്നാണ് പുറപ്പെടുന്നത്. ഇതിൽ പ്രത്യേകമായും യൂറോപ്പിന് വെളിയിൽനിന്നു വരുന്ന അതിഥികളെ സമയത്തിന് ജൽസ ഗാഹിലെത്തിക്കാൻ ശ്രദ്ധിക്കണം. മറ്റ് അതിഥികളോടും പരുഷമായി പെരുമാറരുത്. അവർക്ക് നല്ല നിലയിൽ കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുക. കാരണം യൂറോപ്പിൽനിന്ന് വരുന്നവർക്കും തദ്ദേശീയരായ ആളുകൾക്കും കാറുകളുണ്ട്. ട്രെയിൻ മുഖേനയും അവർക്ക് പോകാനും വരാനും കഴിയും. പക്ഷേ, ദരിദ്ര രാഷ്ട്രങ്ങളിൽനിന്ന് വന്നിട്ടുള്ളവരെ ബസ്സ് മുഖേന എത്തിക്കേണ്ടതായി വരും. അതുമായി ബന്ധപ്പെട്ടവർ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. ഇവിടുത്തെ അതിഥികൾ പുറമെനിന്നു വരുന്ന അതിഥികൾക്ക് മുൻഗണന നല്കുക.

കാലാവസ്ഥ എങ്ങനെയായിരിക്കുമെന്നറിയില്ല. പ്രവചനങ്ങളൊന്നും വിശ്വസിക്കാൻ പറ്റില്ല. അല്ലാഹു എല്ലാ രീതിയിലും കാലാവസ്ഥ നല്ലതാക്കിത്തീർക്കട്ടെ. ആരെങ്കിലും കാരണത്താൽ ബുദ്ധിമുട്ടുണ്ടായാൽ തന്നെ ഉദ്യോഗസ്ഥന്മാർ എപ്പോഴും സന്തോഷത്തോടെ പെരുമാറേണ്ടതാണ്.

കഴിഞ്ഞവർഷവും മാശാഅല്ലാഹ് നല്ലരീതിയിലാണ് സേവനം നടന്നിരുന്നത്. ഈ വർഷവും അതിനുവേണ്ടി ശ്രമിക്കുക. ആദ്യത്തേക്കാൾ കൂടുതൽ ശ്രമിക്കുക. സേവനത്തിനായി ത്യാഗം ചെയ്യേണ്ടതായി വരും. അതാണ് വാസ്തവം. അതുകൊണ്ട് ത്യാഗം ചെയ്തുകൊണ്ട് സേവനം ചെയ്യണമെന്ന കാര്യം എപ്പോഴും മനസ്സിൽ വെക്കുക. അനായാസം ചെയ്യാൻ പറ്റുന്നതല്ല സേവനം. ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ അതിഥികൾക്ക് പ്രത്യേകമായ നിലയിൽ അതിനോടുള്ള കടമ നിറവേറ്റുംവിധം സേവനം ചെയ്യേണ്ടതാണ്. കാരണം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളാണ്. അവർ ജൽസയിൽ വരുന്ന അതിഥികളാണ്. ഇപ്രകാരം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരുമായിത്തീരും. അല്ലാഹു എല്ലാവർക്കും തങ്ങളുടെ കടമകൾ നിറവേറ്റാൻ സൗഭാഗ്യം നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 18.07.2008 at Baithul Futuh, London

Translated by: Muhammad Ismail Aleppey
Mob: 9446656123, 9746058636 Resi: 0497 3294865
Page layout & Typeset : BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala